പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2865

02.04.2013-ൽ മറുപടി നൽകേണ്ടത്

# ഡാറ്റാ ബാങ്കിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പ്രക്രിയ ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ;<br><br>(ബി)ആയതിന്റെ നടപടിക്രമങ്ങൾ എന്ന് പൂർത്തിയാക്കും എന്ന് വിശദീകരിക്കുമോ;<br><br>(സി)നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ), (ബി) & (സി)<br><br>2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക് വിവരങ്ങൾ ഓരോ പഞ്ചായത്തിലേയും കൃഷി ഓഫീസർ, ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ സെക്രട്ടറി, വില്ലേജ് ഓഫീസർ, ബന്ധപ്പെട്ട ചാർജ് ഓഫീസറായ ഡെപ്യൂട്ടി തഹസീൽദാർ എന്നിവർ ഉൾപ്പെട്ട ടീം പരിശോധിച്ചിട്ടുള്ളതും, കണ്ടെത്തിയ അപാകതകൾ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതിക്ക് കൈമാറിയിട്ടുള്ളതുമാണ്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിച്ച പരാതികളും പ്രാദേശിക നിരീക്ഷണ സമിതിക്ക് കൈമാറിയിട്ടുണ്ട്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ഗസറ്റ് നോട്ടിഫിക്കേഷൻ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ